# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 02.02.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച നാളെ പാർലമെൻറിൻറെ ഇരു സഭകളിലും നടക്കും.

   **The discussion on the motion of thanks on the President's policy address will be held in both houses of Parliament tomorrow.**

2. കേന്ദ്ര ബജറ്റിനെ പ്രശംസിച്ച് വ്യവസായ സാമ്പത്തിക വിദഗ്ധർ; ഇടത്തരക്കാർക്ക് ഗുണം ചെയ്യുന്ന പ്രഖ്യാപനങ്ങളെ സ്വാഗതം ചെയ്ത് പൊതു സമൂഹം.

   **Industry and economists praise the Union Budget; The general public welcomes the announcements that will benefit the middle class.**

3. ഡൽഹിയിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം നാളെ അവസാനിക്കും; മുതിർന്നനേതാക്കൾ പ്രചാരണ രംഗത്ത്.

   **The campaign for the assembly elections in Delhi will end tomorrow; senior leaders are leading the campaign.**

4. കേരളത്തിലെ വയനാട്ടിൽ വന്യജീവികളുടെ കാടിറക്കം തടയാൻ പദ്ധതികളുമായി വനം-വന്യജീവി സംരക്ഷണ വകുപ്പ്.

   **The Forest and Wildlife Conservation Department of Kerala plans to prevent the encroachment of wild animals in Wayanad district.**

5. ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തി ട്രംപ് ഭരണകൂടം; പ്രതിരോധ നടപടികളുമായി കാനഡയും മെക്സിക്കോയും.

   **The Trump administration imposes more taxes on countries including China; Canada and Mexico have taken preventive measures.**

6. ഐസിസി അണ്ടർ 19 വനിതാ ട്വൻറി ട്വൻറി ലോകകപ്പ് ഫൈനലിൽ ഇന്ത്യ - ദക്ഷിണാഫ്രിക്കാ മത്സരം പുരോഗമിക്കുന്നു. ദേശീയ ഗെയിംസിൽ കേരളത്തിന് വീണ്ടും മെഡൽ.

**In ICC Under-19 Women's Twenty-20 World Cup India faces South Africa in the final; Kerala wins another medal in the National Games.**

&&&&&&&&&&&&&&&&

# HEADLINE – 1
# PARL - MOTION OF THANKS

പാർലമെൻറിലെ രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച നാളെ ലോക്സഭയിലും രാജ്യസഭയിലും നടക്കും. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025, ബാങ്കിംഗ് നിയമ ഭേദഗതി ബിൽ, റെയിൽവേ (ഭേദഗതി) ബിൽ 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെൻറിൽ ചർച്ച ചെയ്ത് പാസ്സാക്കും.

&&&&&&&&&&&&&&&&

# JPC REPORT LS

വഖഫ് (ഭേദഗതി) ബില്ലിന്മേലുള്ള സംയുക്ത പാർലമെൻററി സമിതി റിപ്പോർട്ട് നാളെ ലോക്സഭയിൽ. സമിതി ചെയർമാൻ ജഗദാംബിക പാലും അംഗം സഞ്ജയ് ജയ്സ്വാളും റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കും. സമിതിക്ക് മുന്നിൽ എത്തിയ തെളിവുകളുടെ രേഖയും മേശപ്പുറത്ത് വയ്ക്കും. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പിനെ നിയന്ത്രിക്കുന്ന 1995-ലെ വഖഫ് നിയമം പരിഷ്കരിക്കാനാണ് ബിൽ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 2
## UNION BUDGET

കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബജറ്റിനെ പ്രകീർത്തിച്ച് വിവിധ മേഖലകളിലെ വിദഗ്ധർ. വ്യവസായ- സാമ്പത്തിക മേഖലകളിലെ പ്രമുഖരും സാധാരണക്കാരും ബജറ്റിനെ സ്വാഗതം ചെയ്തു. നൂതന ആശയം, നൈപുണ്യ വികസനം, നികുതി ഇളവ് എന്നിവ സാധാരണക്കാർക്ക് ഗുണകരമാകുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇടത്തരക്കാരുടെ വികാരങ്ങൾക്ക് മുൻതൂക്കം നൽകുകയും വിവിധ മേഖലകളിൽ നിക്ഷേപം വർദ്ധിപ്പികാൻ പ്രചോദനമേകുകയും ചെയ്യുന്നതിലൂടെ രാജ്യത്തെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകാൻ ബജറ്റിന് സാധിക്കുമെന്ന് ഫിക്കി പ്രസിഡൻറ് ഹർഷ് വർദ്ധൻ അഗർവാൾ ആകാശവാണി വാർത്തകളോട് പറഞ്ഞു. ഇടത്തരക്കാർ, തൊഴിൽമേഖല, അടിസ്ഥാനസൗകര്യം, കയറ്റുമതി, വിനോദ സഞ്ചാരം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ബജറ്റ് ജനക്ഷേമം ലക്ഷ്യമിട്ടുള്ളതാണെന്ന് പൊതുജനങ്ങളും അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

## SITHARAMAN-BUDGET - INTRO

കൃഷി, ഗ്രാമീണ മേഖലയുടെ അഭിവൃത്തി, നഗര വികസനം ഉൾപ്പെടെയുള്ളവയിൽ ഊന്നൽ നൽകുന്നതാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ. ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് നിരവധി കാര്യങ്ങൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ ബജറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതായും ധനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## PREZ-PM BASANT PANCHAMI

ബസന്ത് പഞ്ചമിയുടെയും സരസ്വതി പൂജയുടെയും ശുഭാവസരത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ അറിയിച്ചു. വിദ്യാഭ്യാസവും വിജ്ഞാനവുമായി ബന്ധപ്പെട്ടിരിക്കുന്ന ഈ ദിനങ്ങൾ എല്ലാവർക്കും സന്തോഷവും സമൃദ്ധിയും ജ്ഞാനവും നൽകുമെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3
## MORN DELHI CAMPAIGNING

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഡൽഹിയിൽ പരസ്യ പ്രചാരണം നാളെ അവസാനിക്കാനിരിക്കെ തിരഞ്ഞെടുപ്പ് പരിപാടികൾ ഊർജ്ജിതമാക്കി രാഷ്ട്രീയകക്ഷികൾ. ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ആർ.കെ പുറത്ത് പൊതുയോഗത്തെ അഭിസംബോധന ചെയ്യും. മുതിർന്ന കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, അജയ് മാക്കൻ തുടങ്ങിയവരും ഇന്ന് തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്‌രിവാളും പ്രചാരണരംഗത്ത് സജീവമാണ്.

&&&&&&&&&&&&&&&&

## EC-DELHI POLLS

നീതിയുക്തവും അഴിമതിരഹിതവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഡൽഹി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് നിർദേശം നൽകി. തിരഞ്ഞെടുപ്പിന് മുമ്പുള്ള 72 മണിക്കൂറിൽ ക്രമസമാധാനം ഉറപ്പുവരുത്തണം. പണമൊഴുക്കി വോട്ടർമാരെ സ്വാധീനിക്കുന്നില്ല എന്ന് ഉറപ്പാക്കണം. മദ്യം മയക്കുമരുന്ന് എന്നിവയുടെ ഒഴുക്ക് തടയണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## MUKESH

ചലച്ചിത്ര നടനും എംഎൽഎ യുമായ മുകേഷിനെതിരെയുള്ള പീഡന പരാതിയിൽ കുറ്റപത്രം സമർപ്പിച്ച് പ്രത്യേക അന്വേഷണ സംഘം. ആലുവ സ്വദേശിയായ നടി ആരോപിച്ച കുറ്റം തെളിഞ്ഞതായി കുറ്റപത്രത്തിൽ പറയുന്നു. എംഎൽഎക്കെതിരെ ഡിജിറ്റൽ തെളിവുകളുണ്ട്. എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. കേസിൽ മുകേഷിന് മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 4
## WAYANAD - INTRO

വയനാട്ടിൽ വന്യജീവികളുടെ കാടിറക്കം തടയാൻ പദ്ധതികളുമായി വനം-വന്യജീവി സംരക്ഷണ വകുപ്പ്. വനത്തിലെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തിയും വനാതിർത്തികളിൽ പ്രതിരോധ സംവിധാനങ്ങൾ

കാര്യക്ഷമമാക്കിയും ജനവാസ മേഖലകളിൽ വന്യജീവി ശല്യം കുറയ്ക്കാനാണ് വനം വകുപ്പിൻറെ നീക്കം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്........**

(വോയ്സ്)

&&&&&&&&&&&&&&&&

## KSRTC STRIKE

കേരളത്തിൽ മറ്റെന്നാൾ കെ എസ് ആർ ടി സി പണിമുടക്കും. നാളെ അർധരാത്രി 12 മണി മുതൽ 24 മണിക്കൂർ ആണ് പണിമുടക്ക്. ഒരു വിഭാഗം തൊഴിലാളി യൂണിയനുകളുടെ നേതൃത്വത്തിലാണ് പണിമുടക്ക് നടത്തുന്നത്.

&&&&&&&&&&&&&&&&

## HAR KANTH MEIN BHARATH

രാജ്യത്തെ യുവാക്കൾക്ക് തങ്ങളുടെ സംഗീത കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരമൊരുക്കി ഹർ ഖണ്ഡ് മേം ഭാരത് എന്ന പേരിൽ ആകാശവാണി പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യുന്നു. 600ലേറെ സംഗീതജ്ഞർ തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്ന പരിപാടി ഇന്ന് മുതൽ ഈ മാസം 16 വരെ എല്ലാ ദിവസവും രാവിലെ 9.30 മുതൽ 10.30 വരെ പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 5
## US TARIFF

അമേരിക്കയുടെ ഏറ്റവും വലിയ മൂന്ന് വ്യാപാര പങ്കാളികളായ ചൈന, കാനഡ, മെക്സിക്കോ എന്നീ

രാജ്യങ്ങൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തി ട്രംപ് ഭരണകൂടം. അനധികൃത കുടിയേറ്റവും ലഹരിമരുന്ന് ഒഴുക്കും തടയാൻ കാനഡ, മെക്സിക്കോ എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനം നികുതി ചുമത്തുമെന്നും ചൈനയിൽ നിന്നുള്ള ഇറക്കുമതിയ്ക്ക് നികുതി 10 ശതമാനമാക്കുമെന്നും ഡോണൾഡ് ട്രംപ് പറഞ്ഞു. തീരുമാനം യുഎസിനെ സമ്പന്നവും ശക്തവുമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&

## HEADLINE – 5 (A)
## CANADA - US TARIFFS

അധിക തീരുവ ചുമത്തിയ ഡോണൾഡ് ട്രംപിൻറെ തീരുമാനത്തിന് മറുപടിയുമായി കാനഡ. യു.എസ് ഉൽപന്നങ്ങൾക്ക് മേൽ 25 ശതമാനം അധിക നികുതി ചുമത്തുമെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 155 ബില്യൺ കനേഡിയൻ ഡോളർ മൂല്യം വരുന്ന ഉൽപന്നങ്ങൾക്കാവും അധിക നികുതി ചുമത്തുക. ഇതിൽ 30 ബില്യൺ കനേഡിയൻ ഡോളറിൻറെ ഉൽപന്നങ്ങൾക്കുള്ള നികുതി നിർദേശം ചൊവ്വാഴ്ച മുതൽ നിലവിൽ വരും.

&&&&&&&&&&&&&&&&

## HEADLINE – 5 (B)
## MEXICO- US TARIFFS

അതേസമയം അമേരിക്ക ചുമത്തിയ അധിക നികുതിക്കെതിരെ പ്രതിരോധ നടപടികളുമായി മുന്നോട്ട് പോകുമെന്ന് മെക്സിക്കൻ പ്രസിഡൻറ് ക്ലൗഡിയ ഷെയിൻബൗം പറഞ്ഞു. മെക്സിക്കോയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള കാര്യങ്ങൾ തന്ത്രപരമായി

നടപ്പിലാക്കാൻ സാമ്പത്തികകാര്യ മന്ത്രിയോട് നിർദ്ദേശിച്ചതായി ഷെയിൻബൗം സമൂഹമാധ്യമത്തിൽ കുറിച്ചു. തൻറെ സർക്കാരിന് ലഹരിമരുന്ന് കടത്തു സംഘങ്ങളുമായി ബന്ധമുണ്ടെന്ന വാഷിംഗ്ടണിൻറെ ആരോപണവും ഷെയിൻബൗം തള്ളി.

&&&&&&&&&&&&&&&&

## HEADLINE – 6
## CRICKET - U 19

ഐസിസി അണ്ടർ 19 വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ഫൈനലിൽ ഇന്ത്യ - ദക്ഷിണാഫ്രിക്കാ മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ദക്ഷിണാഫ്രിക്ക, 13 ഓവറിൽ 5 വിക്കറ്റിന് 45 റൺസ് നേടി.

&&&&&&&&&&&&&&&&

## HEADLINE – 6 (A)
## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് വീണ്ടും മെഡൽ നേട്ടം. വനിതകളുടെ ബാസ്കറ്റ് ബോളിൽ തമിഴ്നാടുമായുള്ള മത്സരത്തിൽ കേരള ടീം വെള്ളി നേടി. നീന്തലിൽ 50 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്കിൽ സ്വർണ്ണം ലക്ഷ്യമിട്ട് സജൻ പ്രകാശ് ഇന്നിറങ്ങും. ഗെയിംസിൽ ഏഴാം സ്ഥാനത്താണ് കേരളം. സർവീസസാണ് ഒന്നാമത്.

&&&&&&&&&&&&&&&&

## MEN’S CRICKET - IND VS ENG

ഇന്ത്യ - ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് പോരാട്ടം. അഞ്ച് മത്സരങ്ങളുടെ പരമ്പര ഇതിനകം 3-1ന് ഇന്ത്യ സ്വന്തമാക്കിയിരുന്നു. മൂന്ന് മത്സരങ്ങളുടെ ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന പരമ്പരക്ക് വ്യാഴാഴ്ച തുടക്കമാകും.

&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ജെംഷെഡ്പൂർ എഫ് സി -ഗോവയെ നേരിടും. വൈകിട്ട് 7.30 നു ജെംഷെഡ്പൂരിലാണ് മത്സരം.

&&&&&&&&&&&&&&&&

## HIL

ഹോക്കി ഇന്ത്യ ലീഗ് പുരുഷ കിരീടം ശ്രാച്ഛി റാർ ബംഗാൾ ടൈഗേഴ്‌സിന്. ഇന്നലെ റൂർക്കേലയിൽ നടന്ന ഫൈനൽ മത്സരത്തിൽ ഹൈദരാബാദ് തൂഫൻസിനെ 4-3ന് പരാജയപ്പെടുത്തിയാണ് കിരീട നേട്ടം.

&&&&&&&&&&&&&&&&

## CHESS

നെതർലൻഡ്സിൽ നടക്കുന്ന ടാറ്റാ സ്റ്റീൽ മാസ്റ്റേഴ്‌സ് ചെസ്സിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദ സെർബിയയുടെ അലക്സി സരണയെ പരാജയപ്പെടുത്തി. പ്രഗ്നാനന്ദയുടെ തുടർച്ചയായ മൂന്നാം വിജയമാണിത്. ലോക ചാമ്പ്യൻ ഡി ഗുകേഷും നെതർലൻഡ്സിൻറെ ജോർഡൻ വാൻ ഫോറീസ്റ്റും തമ്മിലുള്ള മത്സരം

സമനിലയിൽ അവസാനിച്ചു.

&&&&&&&&&&&&&&&&

## BCCI NAMAN AWARDS 2025

ബിസിസിഐ യുടെ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് മുൻ ക്രിക്കറ്റ് താരം സച്ചിൻ ടെണ്ടുൽക്കറിന് ഇന്നലെ മുംബൈയിൽ നടന്ന ചടങ്ങിൽ ഐസിസി ചെയർമാൻ ജയ് ഷാ സമ്മാനിച്ചു. രണ്ട് പതിറ്റാണ്ടുകളായി ഇന്ത്യൻ ക്രിക്കറ്റിന് സച്ചിൻ നൽകിയ സമാനതകളില്ലാത്ത സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. ഇന്ത്യയുടെ ആദ്യ ക്രിക്കറ്റ് ക്യാപ്റ്റൻ കേണൽ സി കെ നായിഡുവിന്റെ ബഹുമാനാർത്ഥം 1994 ൽ ഏർപ്പെടുത്തിയതാണ് പുരസ്കാരം. 2024 ലെ മികച്ച അന്താരാഷ്ട്ര ക്രിക്കറ്റർക്കുള്ള പോളി ഉമ്രിഗർ പുരസ്കാരം ഇന്ത്യൻ ബൗളർ ജസ്പ്രീത് ബുംറ നേടി. ഇന്ത്യൻ വനിതാ ടീമിൻറെ വൈസ് ക്യാപ്റ്റൻ സ്മൃതി മന്ദാന മികച്ച അന്താരാഷ്ട്ര വനിതാ ക്രിക്കറ്റർക്കുള്ള അവാർഡ് നാലാം തവണയും സ്വന്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&